വൈറസേ വിട : ഒരു പാഠച്ചുരുക്കവും ചില ഭാവിസ്വപ്നങ്ങളും.

ഫാ. ഡോ.കെ.എം.ജോർജ്ജ്

കൊറോണ വൈറസ് കത്തികയറി പടരുമ്പോൾ നമ്മുടെ പ്രഥമശ്രദ്ധ അതിന്റെ വ്യാപനത്തെ തടയുകയും അതിനിരയായവർക്ക് സഹായം എത്തിക്കുകയുമാണ് എന്നതിൽ സംശയമില്ല. എങ്കിലും ഇതും മാറിപ്പോകും എന്ന ദൃഢമായ പ്രത്യാശയോടെ ഭാവിയിലേക്കു നോക്കി മനുഷ്യർക്കെല്ലാം പുതിയ ഒരു ജീവിത ക്രമത്തിനും ലോക വ്യവസ്ഥക്കും എങ്ങനെ രൂപം കൊടുക്കാം എന്നുകൂടി ചിന്തിക്കേണ്ടതാണ്. *വൈറസേ വണക്കം* എന്ന (മലയാളം പുസ്തകം 23, ലക്കം 45) ലേഖനത്തിന്റെ തുടർച്ചയായി ഇതു കണക്കാക്കണം. പൊതുവായ ചില കാര്യങ്ങൾ സകല മനുഷ്യരും പഠിച്ചു കഴിഞ്ഞു:

പാഠച്ചുരുക്കം

- അദൃശ്യമായ ഒരു അതിസൂക്ഷ്മ ജീവിക്ക് മനുഷ്യരാശിയുടെ ജീവനെ ഒന്നടങ്കം എപ്പോൾ വേണമെങ്കിലും ജീവഭയത്തിന്റെ മുൾമുനയിൽ ആകസ്മികമായി നിർത്താം എന്നു നാം തിരിച്ചറിയുന്നു.
- നാം ഉണ്ടാക്കിവച്ച ഭീമമായ ആയുധശേഖരമോ സൈനിക സന്നാഹങ്ങളോ ഒന്നും ഇപ്പോൾ പ്രയോജനപ്പെടുന്നില്ല.
- എല്ലാ മനുഷ്യരും ഇപ്പോൾ ആശങ്കപ്പെടുന്ന പ്രധാന കാര്യം തങ്ങളുടെ ജീവൻ നിലനിർത്താൻ ആവശ്യമായ ഭക്ഷണവും ചികിത്സയും ലഭിക്കുമോ എന്നാണ്. ഇതു രണ്ടും ദീർഘകാലയളവിൽ ഏതാണ്ട് പൂർണമായ അനിശ്ചിതത്വത്തിലാണ് എന്നു നാം തിരിച്ചറിയുന്നു.
- രാഷ്ട്രീയ ഭരണകൂടങ്ങളും മതവ്യവസ്ഥകളും സാമൂഹികഘടകങ്ങളും സൃഷ്ടിച്ച അധികാരശ്രേണികളും പദവികളും അവയിൽ നിന്നുൽഭവിച്ച അസമത്വങ്ങളും ഒറ്റയടിക്ക് തകരുകയും ജീവൻ മാത്രം കിട്ടിയാൽമതി എന്ന ചിന്തയിൽ എത്തി എല്ലാവരും സമന്മാരായി തീരുന്നു എന്നു നാം തിരിച്ചറിയുന്നു.
- ലോകത്തിൽ എന്തു ദുരന്തം ഉണ്ടായാലും അയൽക്കാർക്കോ അയൽരാജ്യങ്ങൾക്കോ രക്ഷക്കെത്താം എന്ന അറിവ് ഇപ്പോൾ മിഥ്യയാണ്. ഒരാൾക്ക് മറ്റൊരാളെ തൊടാനോ ഒരു രാജ്യത്തിന് മറ്റൊരു രാജ്യത്തെ സഹായിക്കാനോ സാധിക്കാതെ ആഗോള തീണ്ടലും സമ്പൂർണ നിസഹായതയും നിലവിൽ വന്നു എന്നു നാം തിരിച്ചറിയുന്നു.
- ആഗോളതലത്തിൽ അതിവേഗസഞ്ചാര സൗകര്യം, സ്വാതന്ത്ര്യം എന്നിവ മനുഷ്യചരിത്രത്തിൽ ഉച്ചകോടിയിലെത്തിയത് നമ്മുടെ ഈ കാലഘട്ടത്തിലാണ്. അതേ സൗകര്യം ഉപയോഗിച്ചാണ് "കോവിദൻ വൈറസേന്ദ്രൻ" പരക്കെ പറന്ന് 'സകലത്തിന്മേലും ആവാസിതമായതും' സകല മനുഷ്യചലനത്തേയും നിശ്ചലമാക്കിയതും (നിന്നിടത്തുതന്നെ നിന്നുകൊള്ളുക എന്ന കല്പന ഓർക്കുക).
- മനുഷ്യർ അവരുടെ എല്ലാ യാത്രകളും പ്രവർത്തികളും നിർത്തിവച്ചപ്പോൾ ഭൗമാന്തരീക്ഷം അതീവ ശുദ്ധമാകുകയും മൃഗങ്ങളും പക്ഷികളും ചെടികളും ഉല്ലസിക്കുകയും ചെയ്യുന്നത് നാം നേരിൽ കണ്ട് തിരിച്ചറിയുന്നു.
- സർവ്വംസഹയെന്നു നാം വിളിക്കുന്ന ഭൂമിയുടെ സഹനശേഷിക്ക് അതിരുണ്ടെന്ന് വിവേകമുള്ളവർ പറഞ്ഞപ്പോൾ അവരെ സ്വപ്നാടരെന്ന് വിളിച്ചവർ ഇപ്പോൾ തിരിച്ചു ചിന്തിച്ചു തുടങ്ങിയെന്നും നാം അറിയുന്നു.
- അനന്തകോടി വൈറസുകളുടെ മഹാപ്രപഞ്ചത്തിനുള്ളിൽ കഴിയുന്ന മനുഷ്യരെ മുഴുവൻ

ഇതിലും മാരകമായ ഒരു വൈറസ് വന്ന് ഒറ്റയടിക്ക് നിർമൂലമാക്കാം എന്നു നാം തിരിച്ചറിയുന്നു.

- മനുഷ്യാസ്തിത്വത്തിന്റെ അർഥത്തെയും അർഥശൂന്യതയെയും കുറിച്ച് പൗരാണികമായ ആദ്ധ്യാത്മ ദർശനങ്ങളും മനുഷ്യകുലത്തിന്റെ പാരമ്പര്യജ്ഞാനവും നൽകുന്ന ഉൾകാഴ്ചകളിലേക്ക് പലരും തിരിയുന്നു . എന്നാൽ വ്യവസ്ഥാപിത മതങ്ങളും രാഷ്ട്രീയ ഭരണകർത്താക്കളും അവയെ വേണ്ടത്ര പരിഗണിക്കുന്നില്ല എന്നു നാം തിരിച്ചറിയുന്നു.
- വ്യക്തിസ്വാതന്ത്ര്യം, സ്വകാര്യസ്വത്ത്, അതിർത്തിഭിത്തികൾ എന്നിവയെല്ലാം അലംഘനീയമായ മനുഷ്യാവകാശങ്ങളാണ് എന്ന് നാം വിചാരിച്ചുകൊണ്ടിരിക്കെ നമ്മുടെ എല്ലാ വ്യക്തിസ്വാതന്ത്ര്യവും അടിയറവക്കാനും പൊതുനന്മക്കുവേണ്ടി ത്യാഗം ചെയ്യാനും നാം നിർബന്ധിതരായിത്തീരുന്നു എന്നു നാം തിരിച്ചറിയുന്നു.

അതുകൊണ്ട് അനന്തരം

ശാസ്ത്രീയ തെളിവുകളൊന്നും ആവശ്യമില്ലാത്ത നമ്മുടെ പ്രത്യക്ഷമായ അനുഭവജ്ഞാനത്തിന്റെ ചുരുക്കമാണ്. അതുകൊണ്ട് അവശേഷിക്കുന്ന മനുഷ്യരാശി ഇനി എന്തുമാർഗം അവലംബിക്കണം എന്നതിനെക്കുറിച്ച് നാം അതിഗൗരവമായി കൂടിയാലോചിക്കണം. ചില എളിയ നിർദേശങ്ങൾ ചർച്ചക്കുവേണ്ടി സമർപ്പിക്കട്ടെ :

- ❖ മനുഷ്യന്റെ പ്രഥമമായ ആവശ്യം ഭക്ഷണമായതുകൊണ്ട് എല്ലാവരും ആഗോളതലത്തിൽ നിർബന്ധമായും കൃഷിയിലേക്ക് തിരിയണം. ചെടിച്ചട്ടിയിൽ വളർത്തുന്ന ഒരു പയർചെടി മുതൽ വിശാലമായ സമൂഹകൃഷിവരെയുള്ള പ്രവർത്തനം മൂലം ഓരോ പ്രദേശവും ഭക്ഷണകാര്യങ്ങൾ സ്വയം പര്യാപ്തമാകണം. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് തുടങ്ങിയ ആശയങ്ങൾ നമുക്കോർക്കാം. ഒമ്പതാം ക്ലാസ് മുതൽ എല്ലാ വിദ്യാർത്ഥികൾക്കും പാഠ്യപദ്ധതിയുടെ ഭാഗമായി ആഴ്ചയിലൊരു ദിവസം വീതമെങ്കിലും നിർബദ്ധിത കൃഷി പരിശീലനം നൽകണം. ഒരു പ്രദേശത്തുള്ള എല്ലാ മതങ്ങളും പൗരസംഘടനകളും പ്രാദേശിക ഭരണസമിതികളും ചേർന്ന് മാതൃകാ കൃഷിതോട്ടങ്ങൾ ഉണ്ടാക്കണം. ഇവിടെ വരുന്ന വിദ്യാർത്ഥികൾക്ക് പ്രകൃതിയെ ഹിംസിക്കാതെ സകല ജീവജാലങ്ങളും അടങ്ങുന്ന ജീവന്റെ ചങ്ങലയെക്കുറിച്ച് പഠിക്കാനും പുതിയ ജീവിതശൈലി പരിശീലിക്കാനും അവസരം ഉണ്ടാകണം.
- ❖ ഹയർസെക്കണ്ടറി കഴിഞ്ഞാൽ ആരോഗ്യമുള്ള എല്ലാ വിദ്യാർത്ഥികളും ഒരു വർഷം നിർബന്ധിതമായി സാമൂഹിക സേവനം നടത്തണം. സമൂഹകൃഷി, വനവൽക്കരണം, നദീശുചീകരണം, ആശുപത്രികൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ സന്നദ്ധസേവനം എന്നിങ്ങനെ നിരവധി മേഖലകളിലേക്ക് വിദ്യാർത്ഥികളെ നിയോഗിക്കണം. അവരുടെ പിന്നീടുള്ള പ്രൊഫഷണൽ കോഴ്സുകളിൽ ഈ സാമൂഹ്യസേവനത്തിന്റെ സർട്ടിഫിക്കറ്റ് നിർബന്ധിതമാക്കുകയും അതിന് ക്രെഡിറ്റ് പോയിന്റ് കൊടുക്കുകയും ചെയ്യണം.
- ❖ ടൂറിസം വ്യവസായമാകാതെയും ആതിഥ്യം (Hospitality) ഒരു കച്ചവടമാകാതെയും മനുഷ്യവർഗത്തിന്റെ പരമ്പരാഗതമായ ആതിഥ്യനന്മ (Virtue of hospitality) വീണ്ടെടുക്കണം. വെറുതെ അടിച്ചുപൊളിച്ചു വിനോദിക്കാൻ മാത്രം വരുന്നവർക്ക് ഒരു രാജ്യവും വിസാ കൊടുക്കരുത്. ഒരാൾ മറ്റൊരു രാജ്യത്ത് അതിഥിയായി എത്തിയാൽ അയാളുടെ സമയത്തിന്റെ 10% എങ്കിലും അവിടുത്തെ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലോ, ശാരീരികമായി അധ്വാനിക്കാൻ കഴിവുള്ളവർക്ക് അങ്ങനെയോ അവസരം കൊടുക്കണം. തദ്ദേശീയ സംസ്കാരങ്ങളെ ആദരിച്ച് അവർ പ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്തണം. വിജ്ഞാനം, സംസ്കാരം, സൗഹൃദം എന്നിവ ആയിരിക്കണം അന്താരാഷ്ട്രാ ആതിഥ്യമൂല്യത്തിന്റെ അടിസ്ഥാനം. ചരിത്രത്തിൽ ഹ്യൂയാൻസാങിനെപ്പോലെയോ മാർകോപോളോയെ പോലെയുള്ളവർ ആഴമായ സാംസ്കാരിക വിനിമയം നടത്തിയവരാണ്. ആ രീതിയിലുള്ള ഗൗരവമായ ടൂറിസം ആയിരിക്കണം ലോകത്തിനു വേണ്ടത്.
- ❖ ഇനിമേൽ എല്ലാ വിമാന സർവ്വീസുകളും മറ്റു വാഹനങ്ങളും പൂർണമായും സൗരോർജത്തി

ലേക്കു തിരിയണം. 20,000 വിമാനങ്ങൾ ഒരേ സമയം നമ്മുടെ അന്തരീക്ഷത്തിൽ പറക്കുമ്പോൾ ഭൂമിക്കുണ്ടാകുന്ന നാശം അതിഭീമമാണ്. അതുകൊണ്ട് ഇനിമേൽ ചരക്കു നീക്കങ്ങൾക്കും വളരെ അടിയന്തരമായ യാത്രകൾക്കും മാത്രമായി വിമാനയാത്ര ചുരുക്കണം. മിക്കവാറും എല്ലാ അന്താരാഷ്ട്ര സമ്മേളനങ്ങളും സർക്കാർതലത്തിലുള്ള ചർച്ചകളും എല്ലാം തന്നെ വീഡിയോ കോൺഫറസിങ്ങിലൂടെ നമുക്ക് നടത്താവുന്നതാണ്. അതുപോലെതന്നെ പതിനായിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന മത സമ്മേളനങ്ങളും ശാസ്ത്ര കോൺഫറൻസുകളും നിർത്തലാക്കുകയും കാർബൺ ഫുട് പ്രിന്റ് (Carbon Footprint) ഭൂമിക്ക് സഹിക്കാവുന്ന തോതിലേക്ക് ചുരുക്കുകയും വേണം.

❖ ന്യൂക്ലിയർ ഉൾപ്പെടെയുള്ള ആയുധനിർമ്മാണം, ആയുധകച്ചവടം എന്നിവ പൂർണമായും നിർത്തലാക്കി അതിനുവേണ്ടി രാജ്യങ്ങൾ ചെലവാക്കുന്ന അതിഭീമമായ സമ്പത്ത് സൗരോർജ്ജ ഗവേഷണം, വനവൽക്കരണം, പരിസ്ഥിതി സൗഹൃദ കൃഷി, ദാരിദ്ര്യ ഉച്ചാടനം, പ്രാഥമിക ആരോഗ്യ പരിരക്ഷണം തുടങ്ങിയ സമാധാനപൂർണമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കണം.

❖ നമ്മുടെ ഭൂമിക്ക് വലിയ ഭാരമായിത്തീർന്നിരിക്കുന്ന സ്വകാര്യകാറുകൾ ക്രമേണ ഇല്ലാതാക്കുകയും കുറഞ്ഞ ചിലവിൽ സൗരോർജ്ജം കൊണ്ടു പ്രവർത്തിക്കുന്ന പൊതുവാഹനങ്ങളും ടാക്സികളും എല്ലാവർക്കും എവിടെയും ലഭ്യമാക്കുകയും ചെയ്യണം.

❖ ഇപ്പോൾ ഭൂമിക്കു ചുറ്റും ഭ്രമണം നടത്തുന്ന ആയിരക്കണക്കിന് സാറ്റലൈറ്റുകൾ ഭൂമിയിലെ എല്ലാ ജീവനും താമസിയാതെ കനത്ത ഭീഷണിയാകും. അതുകൊണ്ട് മത്സരബുദ്ധികൂടാതെ എല്ലാ രാജ്യങ്ങളും ചേർന്ന് ബഹിരാകാശ ഗവേഷണം, വാർത്താവിനിമയം, വൈദ്യശാസ്ത്ര ഗവേഷണം തുടങ്ങി മനുഷ്യവംശത്തിന് പൊതുവായ നന്മ വരുത്തുന്ന എല്ലാ പ്രവർത്തനങ്ങളും ഏക അന്താരാഷ്ട്ര ഏജൻസിയുടെ കീഴിൽ കൊണ്ടുവരണം. അതതുരാജ്യത്ത് ഗവേഷണങ്ങൾ നടത്താമെങ്കിലും മനുഷ്യവർഗത്തിനു വലിയ നഷ്ടവും യുദ്ധത്തിലേക്കു നയിക്കുന്ന മത്സരവും ഒഴിവാക്കേണ്ടത് ആവശ്യമാണ്.

❖ മനുഷ്യരുടെ ഉപഭോഗാസക്തി വീണ്ടും വീണ്ടും വർധിപ്പിച്ചെങ്കിലേ സമ്പദ്ഘടനയും തൊഴിൽ സാധ്യതകളും വികസിക്കുകയുള്ളൂ എന്ന ബലമായ ധാരണ ഈ വൈറസ് ആക്രമണത്തിലൂടെ നാം മാറ്റുകയും മനുഷ്യർക്ക് എന്താണ് യഥാർത്ഥത്തിൽ ആവശ്യമുള്ളത് എന്നും ഏതു പരിധിവരെ നമ്മുടെ ഉപഭോഗം വർധിപ്പിക്കാം എന്നും നാം വ്യക്തമാക്കണം. എല്ലാവർക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, വിനോദം ഇവയെല്ലാം ആവശ്യമായിരിക്കെ ലളിതമായ ജീവിത സന്തോഷങ്ങളിലേക്കു മടങ്ങാൻ എല്ലാ മനുഷ്യരേയും സഹായിക്കുന്ന നിയമങ്ങൾ ഉണ്ടാകണം. നിയമത്തിന്റെയും ഉത്തരവാദിത്വത്തിന്റേയും നിർബന്ധമില്ലെങ്കിൽ മനുഷ്യസ്വാതന്ത്ര്യം എപ്പോഴും കൈവിട്ടുപോകും. അതിന്റെ തിക്തഫലമാണ് ഈ ദുരന്തത്തിൽ നാം കാണുന്നത്. അതുകൊണ്ട് സർഗാത്മകമായ വ്യക്തിസ്വാതന്ത്ര്യം, അപരനോടുള്ള ഉത്തരവാദിത്വം, സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടിയുള്ള നിയമം – ഇവ മൂന്നും സന്തുലിതമായി നിലനിർത്തുന്ന ഒരു വ്യവസ്ഥിതി ആയിരിക്കണം പുതിയ ലോകക്രമവും ജീവിതശൈലിയും.

❖ മനുഷ്യർ സാമൂഹ്യജീവി ആയതുകൊണ്ട് ഒരുമിച്ചു കൂടാനും ആഘോഷങ്ങൾ നടത്താനും കളികളിലേർപ്പെടാനും കലാസാഹിത്യ സാംസ്കാരിക മേഖലകളിൽ ഒന്നിച്ചു ചേരാനുമുള്ള അവസരങ്ങൾ ധാരാളം സൃഷ്ടിക്കണം. എന്നാൽ ഇവിടെയും മേൽപറഞ്ഞ മൂന്നു തത്വങ്ങൾ നിയാമകമായിരിക്കണം. മതപരമോ, സാമൂഹികമോ, രാഷ്ട്രീയമോ ആയ എന്തു സംഭവമാണെങ്കിലും തുടർച്ചയായി ആളുകൾ തടിച്ച് കൂടുന്നത് അതതു പ്രദേശത്തിന്റെ സംവഹനശേഷിയും പാരിസ്ഥിതികമായ സഹിഷ്ണുതാശേഷിയും കണക്കിലെടുത്തുകൊണ്ട് ശക്തിയായി നിയന്ത്രിക്കപ്പെടണം.

❖ വളർന്നുവരുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവും ആത്മീയവുമായ പോഷണം

അതീവ ഗൗരവമായി എടുത്ത് അവരുടെ ശൈശവ–ബാല്യങ്ങളുടെ വിശുദ്ധിയും സാരള്യവും നിലനിർത്താൻ സഹായിക്കുന്ന പ്രകൃതിക്ക് ഇണങ്ങുന്ന സാങ്കേതിക വിദ്യകളും (ഇന്റർനെറ്റടക്കം) മാത്രമേ അവർക്ക് നൽകാവൂ. പൂമൊട്ട് വിടരുന്നതിന് വളരെ മുമ്പുതന്നെ അതിന്റെ ദളങ്ങളിൽ നഖം ഇറക്കി അതിനെ കൃത്രിമമായി വിടർത്താൻ ശ്രമിക്കുന്നതുപോലെയാണ് ബാല്യത്തിന്റെ തെളിമയിലേക്ക് യാതൊരു നിയന്ത്രണവുമില്ലാതെ വയലൻസും സെക്സും തുറന്നു വിടുന്നത്. പ്രകൃതിയോട് നാം കാണിക്കുന്ന ക്രൂരമായ ചൂഷണത്വരയും ആക്രമണ മനോഭാവവുമാണ് സ്ത്രീകളോടും കുഞ്ഞുങ്ങളോടും പുരുഷാധിപത്യമുള്ള സമൂഹം ഇപ്പോൾ അവലംബിക്കുന്നത്. അതുപൂർണമായും നിർത്തലാക്കണം.

❖ നീതിയിലും സമത്വത്തിലും പരിസ്ഥിതി സൗഹൃദത്തിലും അടിയുറച്ച ഒരു ലോകവ്യവസ്ഥയും ജീവിതക്രമവും തദ്ദേശീയമായ ശൈലികളിൽ ഉണ്ടാകണമെങ്കിൽ ഒരു പുതിയ ലോകസംഘടന ഉണ്ടാകണം. രണ്ടു ലോകയുദ്ധങ്ങൾ കഴിഞ്ഞപ്പോൾ ഇനിമേൽ യുദ്ധം ഉണ്ടാകരുത് എന്ന ഏക ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസംഘടന രൂപം കൊണ്ടത്. എന്നാൽ ഇപ്പോൾ മനുഷ്യർ ഉണ്ടാക്കുന്ന ആയുധങ്ങളോ അവർ നടത്തുന്ന യുദ്ധങ്ങളോ അല്ല ഭാവിയുടെ ഭീഷണി. മനുഷ്യന്റെ ആർത്തിയേറിയ പ്രവർത്തനങ്ങൾ മൂലം ഏതാണ്ട് 500 വർഷമായി അധീശത്വം പുലർത്തുന്ന ആഗോളവ്യവസ്ഥ (Global Paradigm) നമ്മുടെ ജൈവമണ്ഡലത്തെ അസന്തുലിതവും അസ്വസ്ഥവുമാക്കി. അതുകൊണ്ട് ഇനിയും നമ്മൾ ഭയപ്പെടേണ്ടത് അദൃശ്യവും സൂക്ഷ്മവുമായ വൈറൽ പ്രപഞ്ചത്തെയാണ്. എന്നാൽ ഭയം മാറ്റിവച്ച്, മറ്റു ജീവജാലങ്ങളോട് സൗഹൃദം പുലർത്തി, ഈ കൊച്ചുഭൂമിയിൽ മനുഷ്യർക്കും അല്പം ഇടം എങ്ങനെ സൃഷ്ടിക്കാമെന്ന് വളരെ പാരിസ്ഥിതികമായ വിനയത്തോടെ (ecological humility) നാം ഒരുമിച്ച് ചിന്തിക്കണം. അതിനു സഹായിക്കുന്നവിധം ഒരു ഏക ജീവസംരക്ഷണ സംഘടന (United One Life Organisation) ഐക്യരാഷ്ട്രസംഘടനയുടെ ചുവട് പിടിച്ച്, എല്ലാ രാജ്യങ്ങളും മതങ്ങളും സാംസ്കാരിക മേഖലകളും ഒരുമിച്ച് ചേർന്ന് സൃഷ്ടിക്കണം. ഇതൊരു സ്വപ്നമാണ്. പക്ഷേ സ്വപ്നം കാണാതെ യാഥാർത്ഥ്യം ഉരുത്തിരിയുകയില്ല.